# പ്രാർഥനകൾ

മനുഷ്യരുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാനും അവരെ ആപത്തുക ളിൽനിന്നും ദോഷങ്ങളിൽനിന്നും രക്ഷിക്കാനും കഴിവുള്ളത് സൃഷ്ടാവായ അല്ലാഹുവിനു മാത്രമാണ്. അതിനാൽ നമ്മുടെ എന്താവശ്യവും സാധിക്കാ നും ദോഷങ്ങൾ തടുക്കാനും അല്ലാഹുവോടു മാത്രമേ പ്രാർഥിക്കാവൂ. **ادعوني استجب لكم** (നിങ്ങൾ എന്നോടു പ്രാർഥിക്കുവിൻ. ഞാൻ നിങ്ങൾക്കു ത്തരം നൽകാം) എന്ന് അല്ലാഹു ഖുർആനിൽ പറയുന്നു. **وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ** (البقرة: ١٨٦) (എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിച്ചാൽ പറയുക:) ഞാൻ സമീപസ്ഥനാണ്. എന്നോട് പ്രാർഥിച്ചാൽ പ്രാർഥിക്കുന്നവന്റെ പ്രാർഥനയ്ക്ക് ഞാൻ ഉത്തരം നല്കും) എന്നും ഖുർആനിൽ കാണാം. അല്ലാഹു അല്ലാത്ത മറ്റാരോടും പ്രാർഥിക്കുന്നത് നിഷിദ്ധമാണ്. (الجن : ١٨) **وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللهِ أَحَدًا.** (ആരാധനാലയങ്ങൾ അല്ലാഹുവിന്റെ ഉടമയിലാണ്. ആകയാൽ അല്ലാഹു വോടൊപ്പം മറ്റൊരാളോടും നിങ്ങൾ പ്രാർഥിക്കരുത്). മനുഷ്യർ ബോധപൂർ വമോ അറിവില്ലാത്തതിനാലോ ചെയ്യുന്ന പാപങ്ങൾ പൊറുക്കാനും സൽ കർമമനുഷ്ഠിച്ച് ദൈവസാമീപ്യം നേടാനുമൊക്കെ അല്ലാഹുവിനോട് പ്രാർ ഥിക്കുന്നതുപോലെ ഐഹികമായ ആവശ്യങ്ങൾ നിറവേറ്റാനും അവനോട് പ്രാർഥിക്കാം. രോഗം സുഖപ്പെടാനും, ദാരിദ്ര്യവും കഷ്ടപ്പാടും നീങ്ങാനും, പരീക്ഷയിൽ വിജയിക്കാനും ജീവിതത്തിൽ സന്തോഷവും മനഃസമാധാന വും ഉണ്ടാകാനുമെല്ലാം പ്രാർഥിക്കാവുന്നതാണ്. വിവിധ കാര്യങ്ങൾക്ക് നബി(സ) അല്ലാഹുവോട് പ്രാർഥിച്ചതായും പ്രാർഥനകൾ പഠിപ്പിച്ചതായും ഹദീഥുകളിൽനിന്ന് ഗ്രഹിക്കാം. അല്ലാഹുവിൽ പൂർണമായ വിശ്വാസത്തോ ടെയും പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കുമെന്ന പ്രതീക്ഷയോടെയുമാണ് പ്രാർഥിക്കേണ്ടത്. ദുഷ്കർമങ്ങളിൽനിന്നും നിഷിദ്ധ സമ്പാദ്യങ്ങളിൽനിന്നും വിട്ടുനിന്നുകൊണ്ട് പരിശുദ്ധ ഹൃദയത്തോടെ പ്രാർഥിക്കുന്നവർക്കാണ് പ്രാർഥനയ്ക്കുത്തരം ലഭിക്കുക.

ഇങ്ങനെ പ്രാർഥിക്കുന്നവരുടെ പ്രാർഥന അല്ലാഹു സ്വീകരിക്കുന്നത് മൂന്നിലൊരു വിധത്തിലായിരിക്കുമെന്ന് റസൂൽ (സ) അറിയിച്ചിട്ടുണ്ട്. ഒന്നു കിൽ പ്രാർഥിച്ച കാര്യം അതേപടി നിറവേറ്റും. അത് നിറവേറ്റുന്നതിന് വല്ല പ്രതിബന്ധവുമുണ്ടെങ്കിൽ മറ്റൊരനുഗ്രഹം നല്കുകയോ ദോഷം തടുക്കു കയോ ചെയ്യും. അല്ലാത്തപക്ഷം അത് പരലോകത്ത് നല്കാനായി നീട്ടി വെക്കും. മൂന്നുതരത്തിലായാലും പ്രാർഥനകൊണ്ട് ഗുണം സിദ്ധിക്കുമെ ന്നർഥം.

വിവിധ പ്രാർഥനകൾപോലെ വ്യത്യസ്ത സന്ദർഭങ്ങളിൽ അല്ലാഹുവി നെ സ്മരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യാനായി റസൂൽ(സ) പഠി പ്പിച്ച ദിക്റുകളും തസ്ബീഹുകളുമുണ്ട്. അവയിലൂടെ അല്ലാഹുവിനെ സ്മരിക്കുകയും സ്തുതിക്കുകയും വേണം. ഖുർആൻ പറയുന്നു: **يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللهَ ذِكْرًا كَثِيرًا وَسَبِّحُوهُ بُكْرَةً وَأَصِيلًا** (സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുക. പ്രഭാതത്തിലും പ്രദോ ഷത്തിലും അവനെ പ്രകീർത്തിക്കുകയും ചെയ്യുക.)

പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കാൻ കൂടുതൽ അർഹമായ സന്ദർഭങ്ങളും ശ്രേഷ്ഠസമയങ്ങളുമുണ്ട്. നിർബന്ധ നമസ്കാരങ്ങൾക്കുശേഷം, നോമ്പു തുറക്കുമ്പോൾ, രാത്രിയുടെ അന്ത്യയാമങ്ങളിൽ തുടങ്ങിയവ അതിൽപ്പെ ടുന്നു.

നമസ്കാരാനന്തര പ്രാർഥന ഉത്തരം ലഭിക്കാൻ ഏറെ അർഹമാണ്. അബൂഉമാമ (റ) പറയുന്നു:

**قِيلَ: يَا رَسُولَ اللهِ أَيُّ الدُّعَاءِ أَسْمَعُ ؟ قَالَ: جَوْفُ اللَّيْلِ الْآخِرِ وَدُبُرَ الصَّلَوَاتِ الْمَكْتُوبَاتِ** (الترمذي)

(അല്ലാഹുവിന്റെ ദൂതരേ, ഉത്തരം ലഭിക്കാൻ കൂടുതൽ അർഹമായ പ്രാർഥന ഏതാണ് എന്ന ചോദ്യം വന്നു. നബി(സ) പറഞ്ഞു: പാതിരാ നേരത്തും നിർബന്ധ നമസ്കാരങ്ങൾക്കു ശേഷവും.)

കൈ ഉയർത്തി പ്രാർഥിക്കുന്നതാണ് നല്ലത്.

**عَنْ سَلْمَانَ أَنَّهُ ﷺ قَالَ: إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ أَنْ يَرُدَّهُمَا صِفْرًا** (أبو داود)

(സൽമാനിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: നിങ്ങളുടെ നാഥൻ ലജ്ജാശീലനാണ്, ഉദാരനാണ്. തന്റെ നേരെ അടിമ ഉയർത്തിയ കൈ വെറുതെ മടക്കാൻ അവൻ ലജ്ജിക്കുന്നു.)

അല്ലാഹുവിനെ സ്തുതിച്ചും അവനെ പ്രകീർത്തിച്ചും നബി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിയും വേണം പ്രാർഥന തുടങ്ങാൻ. വിനയവും വിധേയത്വവും പ്രകടിപ്പിച്ചും ഹൃദയസാന്നിധ്യം ഉറപ്പുവരുത്തിയുമാവണം അത്. കുറ്റകരമായ കാര്യത്തിനോ ബന്ധവിച്ഛേദത്തിനോ ആവരുത് പ്രാർഥന. ഉത്തരം ലഭിക്കുമെന്ന് ഉറച്ച് വിശ്വസിച്ചും ഉത്തരം ലഭിക്കുന്നതു വൈകിപ്പോകുന്നു എന്ന ദുഷ്ചിന്തയില്ലാതെയും വേണം അത്. പ്രാർഥന അവസാനിപ്പിക്കുന്നതും ഹംദും സ്വലാത്തും ചൊല്ലിക്കൊണ്ടാവണം. പ്രാർഥനയ്ക്കുശേഷം കൈകൊണ്ട് മുഖം തടവലും സുന്നത്താണ്.

നമസ്കാരാനന്തരമുള്ള പ്രാർഥന ഒറ്റയ്ക്കു നടത്തുന്നതാണ് നബി(സ) യുടെ സുന്നത്ത്. നബി(സ)യോ സഹാബിമാരോ നമസ്കാരാനന്തരം കൂട്ടു പ്രാർഥന നടത്തിയതിന് തെളിവില്ല.

അഞ്ചു വിഭാഗം ആളുകളുടെ പ്രാർഥന ഉത്തരംകിട്ടാൻ ഏറെ സാധ്യത യുള്ളതാണ്: പിതാവ് മക്കൾക്കുവേണ്ടി, നോമ്പുകാരൻ, യാത്രക്കാരൻ, മർദ്ദിതൻ, നീതിമാനായ ഭരണാധികാരി എന്നിവരാണ് അവർ. നബി (സ) പറയുന്നു:

**ثَلَاثُ دَعَوَاتٍ مُسْتَجَابَاتٌ لَا شَكَّ فِيهِنَّ دَعْوَةُ الْوَالِدِ وَدَعْوَةُ الْمُسَافِرِ وَدَعْوَةُ الْمَظْلُومِ** (أحمد، أبو داود، الترمذي)

(മൂന്നു പ്രാർഥനകൾ നിസ്സംശയം ഉത്തരം ലഭിക്കാൻ അർഹമാണ്. പിതാവിന്റെ പ്രാർഥന, യാത്രക്കാരന്റെ പ്രാർഥന,

ثَلَاثَةٌ لا تُرَدُّ دَعْوَتُهُمْ : الصَّائِمُ حِينَ يُفْطِرُ وَالْإِمَامُ الْعَادِلُ وَدَعْوَةُ الْمَظْلُومِ يَرْفَعُهَا اللّٰهُ فَوْقَ الْغَمَامِ وَيُفْتَحُ لَهَا أَبْوَابُ السَّمَاءِ وَيَقُولُ الرَّبُّ وَعِزَّتِي لَأَنْصُرَنَّكَ وَلَوْ بَعْدَ حِينٍ (الترمذي)

(മൂന്നുപേർ, അവരുടെ പ്രാർഥന തള്ളപ്പെടുകയില്ല. നോമ്പുകാരൻ നോമ്പ് മുറിക്കുമ്പോൾ, നീതിമാനായ ഭരണാധികാരി, മർദ്ദിതന്റെ പ്രാർഥന യും. അല്ലാഹു അത് മേഘങ്ങൾക്കുപരി ഉയർത്തും. ആകാശ കവാടം അതി നുവേണ്ടി തുറന്നുകൊടുക്കും. അല്ലാഹു പറയും: എന്റെ പ്രതാപമാണ, അല്പം കഴിഞ്ഞാണെങ്കിൽ പോലും നിന്നെ ഞാൻ സഹായിക്കും, തീർച്ച.)

## അഭാവത്തിലുള്ള പ്രാർഥന

ഒരാളുടെ അഭാവത്തിൽ അയാൾക്കുവേണ്ടി നടത്തുന്ന പ്രാർഥനയും ഉത്തരം ലഭിക്കാൻ കൂടുതൽ അർഹമാണ്. നബി (സ) പറയുന്നു:

أَسْرَعُ الدُّعَاءِ إِجَابَةً دَعْوَةُ غَائِبٍ لِغَائِبٍ (أبو داود، الترمذي)

(ഉത്തരം ലഭിക്കാൻ ഏറെ അർഹമായ പ്രാർഥന ഒരാളുടെ അഭാവ ത്തിൽ അയാൾക്കുവേണ്ടി നടത്തുന്ന പ്രാർഥനയാണ്.)

## രാവിലെയും വൈകുന്നേരവും

രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട ധാരാളം പ്രാർഥനകൾ ഹദീ ഥുകളിൽ വന്നിട്ടുണ്ട്. ചിലതു മാത്രം താഴെ:

1) നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

مَنْ قَالَ حِينَ يُصْبِحُ وَحِينَ يُمْسِي : سُبْحَانَ اللّٰهِ وَبِحَمْدِهِ مِائَةَ مَرَّةٍ لَمْ يَأْتِ أَحَدٌ يَوْمَ الْقِيَامَةِ بِأَفْضَلَ بِمَا جَاءَ بِهِ إِلَّا أَحَدٌ قَالَ مِثْلَ مَا قَالَ أَوْ زَادَ عَلَيْهِ (مسلم)

(ആരെങ്കിലും രാവിലെയും വൈകുന്നേരവും **سبحان الله وبحمده** എന്ന് നൂറുതവണ പറഞ്ഞാൽ അയാൾ അപ്പറഞ്ഞതിന് സമാനമായോ കൂടുത ലോ പറഞ്ഞവനല്ലാത്ത മറ്റൊരാളും അതിലും മെച്ചപ്പെട്ട മറ്റൊന്നുമായി അന്ത്യദിനത്തിൽ വരികയില്ല.)

2) ഇബ്നുമസ്ഊദ് (റ) പറയുന്നു:

كَانَ نَبِيُّ اللّٰهِ ﷺ إِذَا أَمْسَى قَالَ : أَمْسَيْنَا وَأَمْسَى الْمُلْكُ لِلّٰهِ. وَالْحَمْدُ لِلّٰهِ لا إِلٰهَ إِلَّا اللّٰهُ وَحْدَهُ لا شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ. رَبِّ أَسْأَلُكَ خَيْرَ مَا فِي هَذِهِ اللَّيْلَةِ وَخَيْرَ مَا بَعْدَهَا وَأَعُوذُ بِكَ مِنْ شَرِّ مَا فِي هَذِهِ اللَّيْلَةِ وَشَرِّ مَا بَعْدَهَا. رَبِّ أَعُوذُ بِكَ مِنَ الْكَسَلِ وَسُوءِ الْكِبْرِ. رَبِّ أَعُوذُ بِكَ مِنْ عَذَابٍ فِي النَّارِ وَعَذَابٍ فِي الْقَبْرِ. وَإِذَا أَصْبَحَ قَالَ ذَلِكَ أَيْضًا أَصْبَحْنَا وَأَصْبَحَ الْمُلْكُ لِلّٰهِ (مسلم)

(നബി (സ) വൈകുന്നേരമായാൽ പറയും: നാമും അധികാരവും അല്ലാ ഹുവിന്റേതായിക്കഴിഞ്ഞു. അല്ലാഹുവിനു സ്തുതി. അല്ലാഹുവല്ലാതെ ഇലാ ഹില്ല. അവൻ ഏകൻ. അവന് പങ്കുകാരില്ല. ആധിപത്യം അവന്റേതുമാത്രം. സ്തുതിയും അവന്. അവൻ എല്ലാറ്റിനും കഴിവുള്ളവൻ. നാഥാ, ഈ രാത്രി യിലും അതിനുശേഷവുമുള്ള നന്മ ഞാൻ നിന്നോടു ചോദിക്കുന്നു. ഈ രാത്രിയിലും ശേഷവുമുള്ള തിന്മയിൽനിന്ന് നിന്നോട് രക്ഷതേടുകയും ചെയ്യുന്നു. അലസതയിൽനിന്നും അഹന്തയുടെ ദൂഷ്യത്തിൽനിന്നും നാഥാ, നിന്നോട് രക്ഷതേടുന്നു. നരകശിക്ഷയിൽനിന്നും ഖബർശിക്ഷയിൽ നിന്നും നാഥാ, നിന്നോട് രക്ഷതേടുന്നു. പ്രഭാതമായാലും നബി(സ) അത് പറയും. അപ്പോൾ **أصبحنا وأصبح الملك لله** എന്നാണ് പറയുക.)

3) നബി (സ) പറഞ്ഞതായി ശദ്ദാദുബ്നു ഔസ് (റ) ഉദ്ധരിക്കുന്നു:

سَيِّدُ الْإِسْتِغْفَارِ: أَللّٰهُمَّ أَنْتَ رَبِّي لا إِلَهَ إِلَّا أَنْتَ خَلَقْتَنِي وَأَنَا عَبْدُكَ وَأَنَا عَلَى عَهْدِكَ وَوَعْدِكَ مَا اسْتَطَعْتُ. أَعُوذُ بِكَ مِنْ شَرِّ مَا صَنَعْتُ أَبُوءُ لَكَ بِنِعْمَتِكَ عَلَيَّ وَأَبُوءُ بِذَنْبِي فَاغْفِرْ لِي فَإِنَّهُ لا يَغْفِرُ الذُّنُوبَ إِلَّا أَنْتَ. مَنْ قَالَهَا حِينَ يُمْسِى فَمَاتَ مِنْ لَيْلَتِهِ دَخَلَ الْجَنَّةَ وَمَنْ قَالَهَا حِينَ يُصْبِحُ فَمَاتَ مِنْ يَوْمِهِ دَخَلَ الْجَنَّةَ (البخاري)

(... أَللّٰهُمَّ أَنْتَ رَبِّي لا إِلَهَ إِلَّا أَنْتَ എന്നത് പാപമോചനത്തിനുള്ള ഏറ്റവും ശ്രേഷ്ഠമായ അപേക്ഷയാണ്. ആരെങ്കിലും അതു വൈകുന്നേരം പറയുക യും തുടർന്ന് അന്ന് രാത്രി മരിക്കുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും. ഒരാൾ രാവിലെ അതു പറയുകയും തുടർന്ന് ആ പകലിൽ മരിക്കുകയും ചെയ്താൽ അവൻ സ്വർഗത്തിൽ പ്രവേശിക്കും.)

''അല്ലാഹുവേ നീയാണ് എന്റെ നാഥൻ. നീയല്ലാതെ ഇലാഹില്ല. നീ എന്നെ സൃഷ്ടിച്ചു. ഞാൻ നിന്റെ ദാസൻ. പരമാവധി നീയുമായുള്ള കരാറും നിന്നോടുചെയ്ത വാഗ്ദാനവുമനുസരിച്ചു ഞാൻ നിലകൊള്ളും. ഞാൻ ചെയ്ത പ്രവർത്തനങ്ങളുടെ തിന്മയിൽനിന്ന് ഞാൻ നിന്നിൽ അഭയംതേടു ന്നു. നീ എനിക്കു ചെയ്തുതന്ന അനുഗ്രഹം ഞാൻ സമ്മതിക്കുന്നു. എന്റെ തെറ്റും ഞാൻ സമ്മതിക്കുന്നു. അതിനാൽ എന്നോടു പൊറുക്കേണമേ! നീയല്ലാതെ പാപം പൊറുക്കുന്നവനായി ആരുമില്ല''

## ഉറങ്ങാൻ കിടക്കുമ്പോൾ

ഉറങ്ങാൻ കിടക്കുമ്പോൾ വുദൂഅ് ഉണ്ടാക്കുക. പിന്നെ, **سورة الاخلاص**
**المعوذتين**, എന്നിവ മൂന്നുപ്രാവശ്യം വീതം ഓതി ഇരുകൈയിലും ഊതി ശരീരം മുഴുവൻ തടവുക. **سبحان الله**, **الحمد لله** എന്നിവ 33ഉം **الله اكبر** എന്നത് 34ഉം പ്രാവശ്യം പറയുക. വലതുഭാഗത്തേക്ക് ചരിഞ്ഞുകിടന്ന് ഇങ്ങനെ പറയുക:

اَللّٰهُمَّ أَسْلَمْتُ نَفْسِي إِلَيْكَ وَوَجَّهْتُ وَجْهِي إِلَيْكَ وَفَوَّضْتُ أَمْرِي إِلَيْكَ وَأَلْجَأْتُ ظَهْرِي إِلَيْكَ رَغْبَةً وَرَهْبَةً إِلَيْكَ لا مَلْجَأَ وَلا مَنْجَأً مِنْكَ إِلَّا إِلَيْكَ آمَنْتُ بِكِتَابِكَ الَّذِي أَنْزَلْتَ وَبِنَبِيِّكَ الَّذِي أَرْسَلْتَ.

വിധേയനാക്കിയിരി ക്കുന്നു. എന്റെ കാര്യം നിന്നെ ഏൽപിച്ചിരിക്കുന്നു. എന്റെ മുതുക് നിന്നി ലേക്ക് ചേർത്തുവെച്ചിരിക്കുന്നു. നിന്നെ ഭയന്നും നിന്നിൽ പ്രതീക്ഷയർപ്പി ച്ചും. നിന്നിൽനിന്ന് നിന്നിലേക്കല്ലാത്ത ഒരു അഭയവും രക്ഷയുമില്ല. നീ അവതരിപ്പിച്ച ഗ്രന്ഥത്തിലും നീ നിയോഗിച്ച പ്രവാചകനിലും ഞാൻ വിശ്വ സിച്ചിരിക്കുന്നു.'' എന്നാണതിനർഥം.

ഈ പ്രാർത്ഥന ഏറ്റവും ഒടുവിലാണ് പറയേണ്ടത്. ഇതത്രയും ഇമാം ബുഖാരി ഉദ്ധരിച്ചിട്ടുണ്ട്.

## ഉറക്കുണർന്നാൽ

ഉറക്കുണർന്നാൽ ഇപ്രകാരം പറയാൻ നബി (സ) നിർദ്ദേശിച്ചിട്ടുണ്ട്.

الْحَمْدُ لِلّٰهِ الَّذِي رَدَّ عَلَيَّ رُوحِي وَعَافَانِي فِي جِسْمِي وَأَذِنَ لِي بِذِكْرِهِ

(എനിക്ക് ജീവൻ തിരിച്ചു നൽകിയ, എനിക്ക് ശരീരസൗഖ്യം നൽകിയ, അവനെ സ്മരിക്കാൻ എന്നെ അനുവദിച്ച അല്ലാഹുവിന് സ്തുതി.)

ഉറക്കത്തിനിടയിൽ ഞെട്ടിയുണർന്നാൽ ഇപ്രകാരം പറയണമെന്ന് നബി (സ) നിർദ്ദേശിച്ചിരിക്കുന്നു.

أَعُوذُ بِكَلِمَاتِ اللّٰهِ التَّامَّاتِ مِنْ غَضَبِهِ وَعِقَابِهِ وَشَرِّ عِبَادِهِ وَمِنْ هَمَزَاتِ الشَّيَاطِينِ وَأَنْ يَحْضُرُونِ

(അല്ലാഹുവിന്റെ സമ്പൂർണ ഗുണങ്ങൾകൊണ്ട് അവന്റെ കോപത്തിൽ നിന്നും ശിക്ഷയിൽനിന്നും അവന്റെ അടിമകളുടെ ദ്രോഹത്തിൽനിന്നും പിശാചുക്കളുടെ ദുർമന്ത്രങ്ങളിൽനിന്നും അവർ എന്റെ അടുത്ത് വരുന്ന തിൽനിന്നും ഞാൻ രക്ഷതേടുന്നു.)

## സ്വപ്നം കണ്ടാൽ

കണ്ടത് നല്ല സ്വപ്നമെങ്കിൽ അല്ലാഹുവിനെ സ്തുതിക്കുക. അത് മറ്റുള്ളവരോട് പറയാം. ദുഃസ്വപ്നമെങ്കിൽ പിശാചിന്റെ ദ്രോഹത്തിൽനിന്ന് അല്ലാഹുവിൽ അഭയം തേടുക. എതിർഭാഗത്തേക്ക് തിരിഞ്ഞ് കിടക്കുക. കണ്ട സ്വപ്നം ആരോടും പറയരുത്, ഒരു കുഴപ്പവുമുണ്ടാവുകയില്ല. നബി (സ) ഇപ്രകാരം നിർദ്ദേശിച്ചതായി മുസ്‌ലിം, അബൂദാവൂദ്, നസാഈ, ഇബ്നുമാജ, തിർമുദി എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്.

## വസ്ത്രം ധരിച്ചാൽ

വസ്ത്രം ധരിച്ചാൽ നബി (സ) ഇപ്രകാരം പറയുമായിരുന്നു:

اللّٰهُمَّ إِنِّي أَسْأَلُكَ مِنْ خَيْرِهِ وَخَيْرِ مَا هُوَ لَهُ وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا هُوَ لَهُ

(അല്ലാഹുവേ, ഇതിന്റെ ഗുണവും ഇത് എന്തിനുവേണ്ടിയാണോ ആ ഗുണവും ഞാൻ നിന്നോട് ചോദിക്കുന്നു. ഇതിന്റെ ദോഷങ്ങളിൽനിന്നും ഇത് എന്തിനു വേണ്ടിയാണോ അതിന്റെ ദോഷത്തിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.)

## പുതിയ വസ്ത്രം ധരിച്ചാൽ

പുതിയ വസ്ത്രം ധരിച്ചാൽ നബി (സ) ഇപ്രകാരം പറയുമായിരുന്നു.

اللّٰهُمَّ لَكَ الْحَمْدُ أَنْتَ كَسَوْتَنِيهِ أَسْأَلُكَ خَيْرَهُ وَخَيْرَ مَا صَنَعَ لَهُ وَأَعُوذُ بِكَ مِنْ شَرِّهِ وَشَرِّ مَا صُنِعَ لَهُ (أبو داود، والترمذي)

(അല്ലാഹുവേ, നിനക്കു സ്തുതി, നീയാണ് ഇത് എന്നെ അണിയിച്ചത്. അതിന്റെ പ്രയോജനവും അത് എന്തിനുവേണ്ടി നിർമിച്ചുവോ അതുകൊ ണ്ടുള്ള പ്രയോജനവും ഞാൻ നിന്നോട് ചോദിക്കുന്നു. അതുകൊണ്ടുണ്ടാ കാവുന്ന ദോഷത്തിൽനിന്നും അത് എന്തിനുവേണ്ടി നിർമിച്ചുവോ അതി ന്റെ ദോഷത്തിൽനിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.)

## മറ്റുള്ളവർ നല്ല വസ്ത്രം ധരിച്ചു കണ്ടാൽ

ഉമർ (റ) നല്ല വസ്ത്രം ധരിച്ചു കണ്ടപ്പോൾ നബി (സ) പറഞ്ഞു:

اِلْبَسْ جَدِيدًا وَ عِشْ حَمِيدًا وَمُتْ شَهِيدًا سَعِيدًا (ابن ماجه، ابن السنّي)

(പുതിയതണിയുക, പ്രശംസാർഹനായി ജീവിക്കുക, വിജയിയും രക്ത സാക്ഷിയുമായി മരിക്കുക.)

## വീട്ടിൽനിന്ന് പുറത്തു പോവുമ്പോൾ

നബി (സ) പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു:

مَنْ قَالَ: بِسْمِ اللّٰهِ تَوَكَّلْتُ عَلَى اللّٰهِ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللّٰهِ، يُقَالُ لَهُ كُفِيتَ وَوُقِيتَ وَهُدِيتَ وَتَنَحَّى عَنْهُ الشَّيْطَانُ فَيَقُولُ لِشَيْطَانٍ آخَرَ كَيْفَ لَكَ بِرَجُلٍ هُدِيَ وَكُفِيَ وَوُقِيَ (ابوداود)

(ആരെങ്കിലും വീട്ടിൽ നിന്നിറങ്ങുമ്പോൾ –

بِسْمِ اللّٰهِ تَوَكَّلْتُ عَلَى اللّٰهِ وَلاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللّٰهِ

എന്നു പറഞ്ഞാൽ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് അവന് മറുപടി ലഭിക്കും: നിനക്ക് മതിയായി, നീ സുരക്ഷിതനായി, നീ ശരിയായ വഴിയിലായി. പിശാച് അവനിൽനിന്ന് അകന്നുമാറും. അവൻ മറ്റു പിശാചിനോട് ചോദി ക്കും: മാർഗദർശനം ലഭിച്ച, മതിവന്ന സുരക്ഷിതനായ ഒരു മനുഷ്യനെ നീ എങ്ങനെ വഴി തെറ്റിക്കും?)

## വീട്ടിൽ പ്രവേശിക്കുമ്പോൾ

നബി(സ) പറഞ്ഞതായി അബുമാലികിൽ അശ്അരി (റ) ഉദ്ധരിക്കുന്നു:

إِذَا وَلَجَ الرَّجُلُ بَيْتَهُ فَلْيَقُلْ اللَّهُمَّ إِنِّي أَسْأَلُكَ خَيْرَ الْمَوْلَجِ وَخَيْرَ الْمَخْرَجِ بِسْمِ اللَّهِ وَلَجْنَا وَبِسْمِ اللَّهِ خَرَجْنَا وَعَلَى اللَّهِ رَبِّنَا تَوَكَّلْنَا ثُمَّ يُسَلِّمُ عَلَى أَهْلِهِ (أبو داود)

(മനുഷ്യൻ വീട്ടിൽ കയറിച്ചെല്ലുമ്പോൾ

اللهم إني أسألك ... وعلى الله ربنا توكلنا അല്ലാഹുവേ, നല്ല പ്രവേശവും നല്ല പുറപ്പാടും ഞാൻ നിന്നോട് യാചിക്കുന്നു. അല്ലാഹുവിന്റെ നാമത്തിൽ നാം പ്രവേശിച്ചു, അല്ലാഹുവിന്റെ നാമത്തിൽ നാം പുറപ്പെട്ടു. നമ്മുടെ നാഥനായ അല്ലാഹുവിൽ നാം ഭരമേൽപിച്ചു എന്നു പറയുകയും പിന്നെ വീട്ടുകാർക്ക് സലാം പറയുകയും ചെയ്യട്ടെ.)

## സമ്പത്ത്, കുടുംബം ആദിയായവ കാണുമ്പോൾ

مَاشَاءَ اللَّهُ لاَ قُوَّةَ إِلاَّ بِاللَّهِ

എന്നോ

الْحَمْدُ لِلَّهِ الَّذِي بِنِعْمَتِهِ تَتِمُّ الصَّالِحَاتِ

എന്നോ പറയുക. അതിൽ അനിഷ്ടകരമായി വല്ലതും കണ്ടാൽ

الْحَمْدُ لِلَّهِ عَلَى كُلِّ حَالٍ

എന്നു പറയുക. ഇബ്നുസ്സുന്നി, ഇബ്നുമാജ, ഹാകിം എന്നിവർ ഇത് ഉദ്ധ രിച്ചിട്ടുണ്ട്.

## കണ്ണാടിയിൽ നോക്കുമ്പോൾ

കണ്ണാടിയിൽ നോക്കുമ്പോൾ നബി (സ) ഇപ്രകാരം പറയുമായിരുന്നു.

الْحَمْدُ لِلَّهِ اَللَّهُمَّ كَمَا حَسَّنْتَ خَلْقِي فَحَسِّنْ خُلُقِي (ابن السني)

(അല്ലാഹുവിനു സ്തുതി: അല്ലാഹുവേ, എന്റെ രൂപം സുന്ദരമാക്കിയ പോലെ എന്റെ സ്വഭാവവും സുന്ദരമാക്കേണമേ.)

ധാർമികമായോ, ഭൗതികമായോ നാശത്തിലകപ്പെട്ടവരെ കാണുമ്പോൾ പറയാൻ നബി (സ) നിർദ്ദേശിച്ചു:

الْحَمْدُ لِلَّهِ الَّذِي عَافَانِي مِمَّا ابْتَلاَكَ بِهِ وَفَضَّلَنِي عَلَى كَثِيرٍ مِمَّنْ خَلَقَ تَفْضِيلاً

(നിന്നെ ബാധിച്ച പരീക്ഷണങ്ങളിൽനിന്ന് എന്നെ രക്ഷപ്പെടുത്തിയ, അവൻ സൃഷ്ടിച്ച പല സൃഷ്ടികളെക്കാളും എനിക്ക് മഹത്വം നൽകിയ അല്ലാഹുവിന് സ്തുതി.)

നായ കുരച്ചുകേട്ടാൽ أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ എന്നും കോഴി കൂവി യാൽ اللهم إني اسالك من فضلك എന്നും പറയുക.

## ശക്തിയായി കാറ്റടിച്ചാൽ

اللَّهُمَّ إِنِّي أَسْأَلُكَ خَيْرَهَا وَخَيْرَ مَا فِيهَا وَخَيْرَ مَا أُرْسِلَتْ بِهِ وَأَعُوذُبِكَ مِنْ شَرِّهَا وَشَرِّ مَا أُرْسِلَتْ بِهِ (مسلم)

(അല്ലാഹുവേ, അതിന്റെ നന്മയും അതിലടങ്ങിയ നന്മയും അത് എന്തു മായി നിയോഗിക്കപ്പെട്ടിരിക്കുന്നുവോ അതിന്റെ നന്മയും ഞാൻ നിന്നോട് യാചിക്കുന്നു. അതിന്റെ തിന്മയിൽ നിന്നും അതു എന്തുമായി നിയോഗിക്ക പ്പെട്ടിരിക്കുന്നുവോ അതിലടങ്ങിയ തിന്മയിൽനിന്നും ഞാൻ നിന്നോട് രക്ഷ തേടുന്നു) എന്നു പറയുക.

## ഇടിവെട്ടുമ്പോൾ

اللَّهُمَّ لاَ تَقْتُلْنَا بِغَضَبِكَ وَلاَ تُهْلِكْنَا بِعَذَابِكَ وَعَافِنَا قَبْلَ ذَلِكَ (الترمذي)

(അല്ലാഹുവേ, നിന്റെ കോപം വഴി ഞങ്ങളെ കൊല്ലാതിരിക്കേണമേ, നിന്റെ ശിക്ഷവഴി ഞങ്ങളെ നശിപ്പിക്കാതിരിക്കേണമേ! അതിനു മുമ്പേ ഞങ്ങൾക്കു സൗഖ്യം നൽകേണമേ!) എന്നു പറയുക.

## ഉദയ ചന്ദ്രനെ കണ്ടാൽ

اَللَّهُ أَكْبَرُ اَللَّهُمَّ أَهِلَّهُ عَلَيْنَا بِالْأَمْنِ وَالْإِيمَانِ وَالسَّلاَمَةِ وَالْإِسْلاَمِ وَالتَّوْفِيقِ لِمَا تُحِبُّ وَتَرْضَى رَبُّنَا وَرَبُّكَ اللَّهُ (الطبراني)

(അല്ലാഹുവേ, സമാധാനം, വിശ്വാസം, രക്ഷ, ഇസ്ലാം, നീ ഇഷ്ടപ്പെ ടുന്നതും നീ തൃപ്തിപ്പെടുന്നതുമായ കാര്യം ചെയ്യാനുള്ള സഹായം എന്നിവയോടൊപ്പം ഞങ്ങളിൽ അതിനെ ഉദിപ്പിക്കേണമേ! നമ്മുടെയും നിന്റെയും നാഥൻ അല്ലാഹുവത്രെ.)

## വിഷമ-ദുഃഖാവസ്ഥകളിൽ

لاَ إِلَهَ إِلاَّ اللَّهُ الْعَظِيمُ الْحَلِيمُ لاَ إِلَهَ إِلاَّ اللَّهُ رَبُّ الْعَرْشِ الْعَظِيمِ لاَ إِلَهَ إِلاَّ اللَّهُ رَبُّ السَّمٰوَاتِ وَرَبُّ الْأَرْضِ وَرَبُّ الْعَرْشِ الْكَرِيمِ (البخاري، مسلم)

(മഹാനും സഹനശീലനുമായ അല്ലാഹുവല്ലാതെ ഇലാഹില്ല. മഹാനും സിംഹാസനത്തിന്റെ ഉടയവനുമായ അല്ലാഹുവല്ലാതെ ഇലാഹില്ല, ആകാശ ങ്ങളുടെ നാഥനും ഭൂമിയുടെ നാഥനും സിംഹാസനത്തിന്റെ ഉടയവനും ഉദാരനുമായ അല്ലാഹുവല്ലാതെ ഇലാഹില്ല) എന്നു പറയുക.

## ശത്രുവിനെയോ ഭരണാധികാരിയെയോ ഭയപ്പെട്ടാൽ

اَللّٰهُمَّ إِنَّا نَجْعَلُكَ فِي نُحُورِهِمْ وَنَعُوذُ بِكَ مِنْ شُرُورِهِمْ (أبوداود، النسائي)

(അല്ലാഹുവേ, ഞങ്ങൾ അവർക്കഭിമുഖമായി നിന്നെ നിശ്ചയിക്കുകയും അവരുടെ ദ്രോഹങ്ങളിൽനിന്ന് നിന്നോട് രക്ഷതേടുകയും ചെയ്യുന്നു) എന്ന് പറയുക.

### പ്രയാസകരമായ വല്ലതും അനുഭവപ്പെട്ടാൽ

اَللّٰهُمَّ لا سَهْلَ إِلاَّ مَا جَعَلْتَهُ سَهْلاً وَأَنْتَ تَجْعَلُ الْحُزْنَ سَهْلاً (ابن السني)

(അല്ലാഹുവേ, നീ എളുപ്പമാക്കിയതെന്തോ അതുമാത്രമാണ് എളുപ്പം. കടുത്തതെന്തും നീ സരളമാക്കുന്നവനാണല്ലോ) എന്ന് പറയുക.

### ജീവിതം പ്രയാസകരമായാൽ വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ,

بِسْمِ اللّٰهِ عَلَى نَفْسِي وَمَالِي وَدِينِي اَللّٰهُمَّ رَضِّنِي بِقَضَائِكَ وَبَارِكْ لِي فِيمَا قُدِّرَ حَتَّى لاَ أُحِبَّ تَعْجِيلَ مَا أَخَّرْتَ وَلاَ تَأْخِيرَ مَا عَجَّلْتَ (ابن السني)

(അല്ലാഹുവിന്റെ നാമത്തിൽ, എന്റെ സ്വന്തം കാര്യത്തിലും എന്റെ ധനം, ദീൻ എന്നിവയുടെ കാര്യത്തിലും. അല്ലാഹുവേ, നിന്റെ തീരുമാനത്തിൽ എന്നെ തൃപ്തനാക്കുകയും എനിക്ക് നിശ്ചയിച്ചതെന്തോ അതിൽ വർധ നവ് നൽകുകയും ചെയ്യേണമേ! അങ്ങനെ നീ വൈകിച്ചതിന്റെ കാര്യത്തിൽ ധൃതി കാണിക്കുന്നതും നീ മുൻഗണന നൽകിയത് വൈകിപ്പിക്കുകയും ചെയ്യുന്നത് ഇഷ്ടപ്പെടാത്ത വിധത്തിൽ) എന്നു പറയുക.

### കടംകൊണ്ടു പ്രയാസപ്പെടുമ്പോൾ

اَللّٰهُمَّ اكْفِنِي بِحَلاَلِكَ عَنْ حَرَامِكَ وَأَغْنِنِي بِفَضْلِكَ عَمَّنْ سِوَاكَ (الترمذي)

(അല്ലാഹുവേ, നീ നിഷിദ്ധമാക്കിയവ വിട്ട് നീ അനുവദിച്ച കാര്യങ്ങളിൽ എനിക്ക് മതിവരുത്തുകയും നിന്റെ ഔദാര്യംകൊണ്ട് മറ്റുള്ളവരിൽനിന്ന് എനിക്ക് ധന്യത നൽകുകയും ചെയ്യേണമേ!) എന്ന് പറയുക.

### വല്ലവിപത്തും ബാധിച്ചാൽ

**إنا لله وإنا اليه راجعون** (നാം അല്ലാഹുവിനുള്ളവരാണ്. നാം അവങ്കലേക്ക് മടങ്ങുന്നവരു മാണ്) എന്നു പറയുക.

ഇസ്‌ലാമിന്റെ മൗലികകാര്യങ്ങളിൽ അരുതാത്ത വല്ലതും തോന്നി യാൽ വിശ്വാസം ആവർത്തിച്ചുറപ്പിക്കുംവിധം **آمنت بالله ورسوله**(ഞാൻ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചിരിക്കുന്നു) എന്നു പറയുക.

കോപം തോന്നിയാൽ **أعوذ بالله من الشيطان الرجيم** എന്ന് പറയുക.

നബി(സ)യുടെ പ്രാർഥനയിൽ കൂടുതലും

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

(നാഥാ, ഇഹത്തിൽ ഞങ്ങൾക്ക് നീ നന്മ നല്കേണമേ! പരത്തിലും ഞങ്ങൾക്ക് നന്മ നല്കേണമേ! നരകശിക്ഷയിൽനിന്ന് ഞങ്ങളെ രക്ഷിക്കേ ണമേ!) എന്നായിരുന്നു.

നബി(സ)യുടെ പേരിൽ സ്വലാത്തും സലാമും വർധിപ്പിക്കൽ സുന്ന ത്താണ്.

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ فِي الْعَالَمِينَ إِنَّكَ حَمِيدٌ مَجِيدٌ.

എന്നതാണ് സ്വലാത്തിന്റെ ഒരു രൂപം.

സദസ്സിലിരിക്കേ നബി (സ) യുടെ പേരു പലവുരു പരാമർശിച്ചുകേട്ടാൽ ആദ്യതവണ സ്വലാത്ത് ചൊല്ലൽ നിർബന്ധമാണ്. ഓരോ തവണയും നിർ ബന്ധമുണ്ടോ എന്നതു സംബന്ധിച്ച് പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. വീണ്ടും വീണ്ടും സ്വലാത്ത് ചൊല്ലുന്നതു നല്ലതാണ് എന്ന കാര്യത്തിൽ പക്ഷാന്തരമില്ല.

إِنَّ أَبْخَلَ النَّاسِ مَنْ ذُكِرْتُ عِنْدَهُ فَلَمْ يُصَلِّ عَلَيَّ

(ഏറ്റവും വലിയ പിശുക്കൻ എന്റെ പേരു പറഞ്ഞുകേട്ടിട്ട് എനിക്കു വേണ്ടി സ്വലാത്ത് ചൊല്ലാത്തവനാകുന്നു) എന്ന് നബി (സ) പറഞ്ഞതായി അബൂദർറ് (റ) ഉദ്ധരിച്ച ഹദീഥിൽ കാണാം.

മലക്കുകൾക്കും മറ്റു പ്രവാചകൻമാർക്കും വേണ്ടിയും സ്വതന്ത്രമായി സ്വലാത്തു ചൊല്ലാം.

آدَمُ عَلَيْهِ الصَّلاَةُ وَالسَّلاَمُ، جِبْرِيلُ عَلَيْهِ الصَّلاَةُ وَالسَّلاَمُ എന്നിങ്ങനെ പറയാം. എന്നാൽ പ്രവാചകനോ മലക്കോ അല്ലാത്തവർക്കുവേണ്ടി സ്വതന്ത്രമായി സ്വലാത്ത് ചൊല്ലാവതല്ല عُمَرُ عَلَيْهِ الصَّلاَةُ وَالسَّلاَمُ എന്ന് പറയാവതല്ല. സ്വഹാബിമാർക്കുവേണ്ടി تَرَضِيَة ചൊല്ലുകയാണ് വേണ്ടത് رَضِيَ اللّٰهُ عَنْهُ എന്ന്.

### യാത്ര

രാത്രി ഒരാൾ ഒറ്റയ്ക്ക് ഒരിടത്ത് കിടന്നുറങ്ങുന്നതും ഒറ്റയ്ക്ക് യാത്ര ചെയ്യുന്നതും നന്നല്ല. ഇബ്നുഉമർ (റ) പറയുന്നു:

إِنَّ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ نَهَى عَنِ الْوَحْدَةِ أَنْ يَبِيتَ الرَّجُلُ وَحْدَهُ أَوْ يُسَافِرَ وَحْدَهُ (أحمد)

(ഏകാന്തത–ഒരാൾ ഒറ്റയ്ക്ക് ഒരിടത്ത് രാത്രി കഴിച്ചുകൂട്ടുന്നതും ഒറ്റയ്ക്ക് യാത്രചെയ്യുന്നതും–നബി(സ) നിരോധിച്ചിരിക്കുന്നു.) യാത്രക്കൊരുങ്ങു മ്പോൾ രണ്ട് റക്അത്ത് നമസ്കാരം സുന്നത്താണ്. നബി(സ) പറഞ്ഞതായി മുത്ഇമുബ്നുൽ മിഖ്ദാം (റ) ഉദ്ധരിക്കുന്നു.

مَا خَلَّفَ أَحَدٌ عِنْدَ أَهْلِهِ أَفْضَلَ مِنْ رَكْعَتَيْنِ يَرْكَعُهُمَا عِنْدَهُمْ حِينَ يُرِيدُ سَفَرًا (طبراني وابن عساكروسنده معضل او مرسل)

(യാത്ര ഉദ്ദേശിക്കുമ്പോൾ തന്റെ കുടുംബത്തിൽ വെച്ച് നമസ്കരിക്കുന്ന രണ്ട് റക്അത്തിനെക്കാൾ ഉത്തമമായ ഒന്നും ആരും അവരുടെ അടുത്ത് ബാക്കിവെക്കുന്നില്ല.)

യാത്രപോകുമ്പോൾ കുടുംബത്തോടും അടുത്ത ബന്ധുക്കളോടും യാത്ര പറയുന്നതും അവരോട് പ്രാർഥിക്കാൻ പറയുന്നതും നല്ലതാണ്. നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

مَنْ أَرَادَ أَنْ يُسَافِرَ فَلْيَقُلْ لِمَنْ يُخْلِفُ: أَسْتَوْدِعُكُمُ اللهَ الَّذِي لاَ تُضِيعُ وَدَائِعَهُ (ابن السني، وأحمد)

(യാത്ര ഉദ്ദേശിക്കുന്നവൻ നാട്ടിൽ വിട്ടുപോകുന്നവരോട് ഞാൻ നിങ്ങളു ടെ കാര്യം അല്ലാഹുവിനെ ഏല്പിക്കുകയാണ്. അവങ്കൽ സൂക്ഷിക്കാൻ ഏല്പിച്ചതു നഷ്ടപ്പെടുകയില്ല, എന്ന് പറയട്ടെ.)

**യാത്ര പോകുന്ന ആളോട്,**

أَسْتَوْدِعُ اللّٰهَ دِينَكَ وَأَمَانَتَكَ وَخَوَاتِيمَ عَمَلِكَ (നിന്റെ ദീനും വിശ്വാസ്യതയും അന്തിമകർമങ്ങളും അല്ലാഹുവിനെ ഏല്പിക്കുന്നു.)

زَوَّدَكَ اللّٰهُ التَّقْوَى وَغَفَرَ ذَنْبَكَ وَيَسَّرَلَكَ الْخَيْرَ حَيْثُ كُنْتَ

(അല്ലാഹു നിനക്ക് തഖ്‌വ നൽകട്ടെ. അവൻ നിന്റെ പാപം പൊറുക്കുക യും നീ എവിടെയായിരുന്നാലും നിനക്ക് നന്മയ്ക്ക് സൗകര്യം നൽകുകയും ചെയ്യുമാറാകട്ടെ!) എന്നിങ്ങനെ പ്രാർഥിക്കുന്നതു സുന്നത്താണ്.

യാത്രക്കാരനോട് പ്രാർഥിക്കാൻ പറയുന്നതും സുന്നത്തുതന്നെ. ഉമർ (റ) നബി (സ)യോട് ഉംറ നിർവഹിക്കാൻ അനുവാദം ചോദിച്ചപ്പോൾ അനുവാദം നൽകിക്കൊണ്ട് നബി (സ) പറഞ്ഞു:

لاَ تَنْسَنَا يَا أُخَيَّ فِي دُعَائِكَ (الترمذي، أبوداود)

(സഹോദരാ, താങ്കളുടെ പ്രാർഥനയിൽ നമ്മെ മറക്കരുത്.)

**യാത്രക്കൊരുങ്ങി വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ**

اللّٰهُمَّ أَنْتَ الصَّاحِبُ فِي السَّفَرِ وَالْخَلِيفَةُ فِي الْأَهْلِ اَللّٰهُمَّ إِنِّى أَعُوذُبِكَ مِنَ الْغَبْنَةِ فِي السَّفَرِ وَالْكَآبَةِ فِي الْمُنْقَلَبِ اَللّٰهُمَّ اطْوِلَنَا الْأَرْضَ وَهَوِّنْ عَلَيْنَا السَّفَرَ

(അല്ലാഹുവേ, നീയാണ് യാത്രയിലെ കൂട്ടുകാരൻ, കുടംബത്തിലെ പ്രതിനിധിയും നീ തന്നെ. അല്ലാഹുവേ യാത്രയിലെ പ്രയോജനമില്ലാത്ത കൂട്ടുകാരിൽനിന്നും യാത്രയിലെ ദുഃഖകാരണങ്ങളിൽനിന്നും ഞാൻ നിങ്കൽ അഭയം തേടുന്നു. ഞങ്ങൾക്ക് ഭൂമി ചുരുക്കുകയും യാത്ര എളുപ്പമാക്കുകയും ചെയ്യേണമേ!)

**യാത്ര കഴിഞ്ഞ് നാട്ടിലേക്ക് തിരിക്കുമ്പോൾ,**

آيِبُونَ تَائِبُونَ عَابِدُونَ لِرَبِّنَا حَامِدُونَ

(മടങ്ങുന്നവർ, പശ്ചാതപിക്കുന്നവർ, കീഴ്പ്പെടുന്നവർ, ഞങ്ങളുടെ നാഥനെ സ്തുതിക്കുന്നവർ) എന്നു പറയണം.

വാഹനത്തിൽ കയറുമ്പോൾ **بسم الله** എന്ന് ചൊല്ലുക. വാഹനത്തിൽ ഇരുന്നുകഴിഞ്ഞാൽ,

اَلْحَمْدُ لِلّٰهِ سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ

(അല്ലാഹുവിനു സ്തുതി, നമുക്ക് ഇത് അധീനപ്പെടുത്തിത്തന്നവൻ പരി ശുദ്ധൻ. നമുക്കിത് അധീനപ്പെടുത്താനാകുമായിരുന്നില്ല. നിശ്ചയം, നാം നമ്മുടെ നാഥങ്കലേക്ക് തിരിച്ചുപോവുന്നവരാണ്) എന്ന് ചൊല്ലുക. പിന്നെ **الحمد لله الله اكبر** എന്ന് മൂന്നുതവണ വീതം ചൊല്ലുക.

എന്നിട്ട്

سُبْحَانَكَ لاَ إِلَهَ إِلَّا أَنْتَ قَدْ ظَلَمْتُ نَفْسِي فَاغْفِرْلِي إِنَّهُ لاَ يَغْفِرُ الذُّنُوبَ إِلَّا أَنْتَ

(നീ പരിശുദ്ധൻ, നീയല്ലാതെ ഇലാഹില്ല. നിശ്ചയം ഞാൻ സ്വന്തത്തോട് അനീതി ചെയ്തുപോയി. അതിനാൽ എന്നോട് പൊറുത്താലും! നീയല്ലാതെ പാപം പൊറുക്കുന്നവൻ ആരുമില്ല) എന്ന് പറയുക.

**യാത്രാമധ്യേ രാത്രിയായാൽ,**

يَا أَرْضُ رَبِّي وَرَبُّكَ اللّٰهُ، أَعُوذُ بِاللّٰهِ مِنْ شَرِّكِ وَشَرِّمَا فِيكِ وَشَرِّ مَا خَلَقَ فِيكِ وَشَرِّ مَا دَبَّ عَلَيْكِ أَعُوذُ بِاللّٰهِ مِنْ شَرِّ كُلِّ أَسَدٍ وَأَسْوَدَ وَحَيَّةٍ وَعَقْرَبٍ وَمِنْ شَرِّ سَاكِنِ الْبَلَدِ وَمِنْ شَرِّ وَالِدٍ وَمَا وَلَدٍ

(ഭൂമീ, എന്റെ നാഥനും നിന്റെ നാഥനും അല്ലാഹുതന്നെ. നിന്റെ ഉപദ്രവ ത്തിൽനിന്നും നിന്നിലുള്ളവയുടെ ഉപദ്രവത്തിൽനിന്നും നിന്നിൽ സൃഷ്ടിച്ചു വെച്ചവയുടെ ഉപദ്രവത്തിൽനിന്നും നിന്റെമേൽ സഞ്ചരിക്കുന്നവയുടെ ഉപ ദ്രവത്തിൽനിന്നും ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു. വന്യമൃഗത്തിൽ നിന്നും ഇരുട്ടിൽനിന്നും സർപ്പം, തേൾ എന്നിവയിൽനിന്നും ദേശവാസിക ളിൽനിന്നും എല്ലാ ജനകനിൽനിന്നും അതു ജനിപ്പിച്ചവനിൽനിന്നും ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു) എന്ന് പറയുക.

**ഒരു പ്രദേശത്ത് ചെന്നുചേർന്നാൽ**

أَعُوذُ بِكَلِمَاتِ اللّٰهِ التَّامَّاتِ كُلِّهَا مِنْ شَرِّ مَا خَلَقَ

(അല്ലാഹുവിന്റെ മുഴുവൻ സമ്പൂർണ ഗുണങ്ങൾ മുൻനിർത്തി അവൻ സൃഷ്ടിച്ചവയുടെ ഉപദ്രവത്തിൽനിന്ന് ഞാൻ അഭയം തേടുന്നു) എന്ന് പറ യുക.

എന്ന് പ്രാർഥിക്കുക. പിന്നെ,

اَللّٰهُمَّ ارْزُقْنَا جَنَاهَا وَ حَبِّبْنَا إِلَى أَهْلِهَا وَحَبِّبْ صَالِحِي أَهْلِهَا إِلَيْنَا

(അല്ലാഹുവേ, ഈ നാട്ടിലെ ഫലം ഞങ്ങൾക്ക് നൽകേണമേ! ഈ നാട്ടുകാർക്ക് ഞങ്ങളോട് ഇഷ്ടം തോന്നിക്കേണമേ! ഈ നാട്ടിലെ നല്ല മനുഷ്യരുടെ നേരെ ഞങ്ങൾക്കും ഇഷ്ടം തോന്നിക്കേണമേ!) എന്ന് പ്രാർ ഥിക്കുക.